കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം -695033

തീയതി: 17-07-2025

**നമ്പർ:B2/214/2023-SEC**

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള വോട്ടർപട്ടികയിൽ പേര് ചേർക്കുന്നത് സംബന്ധിച്ച അധിക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

**സർക്കുലർ**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിന് ഓൺലൈനിലൂടെ അപേക്ഷ സമർപ്പിക്കുകയും പഠനം, ജോലി തുടങ്ങിയവയുമായി ബന്ധപ്പെട്ട് വിദൂര സ്ഥലങ്ങളിൽ താമസിച്ചുവരുന്നതിനാലോ, മറ്റുവിധത്തിലോ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ മുമ്പാകെ ഹിയറിംഗിന് നേരിട്ട് ഹാജരാകാൻ കഴിയാതിരിക്കുകയും ചെയ്യുന്ന അപേക്ഷകർക്ക് ചുവടെപ്പറയും പ്രകാരമുള്ള ക്രമീകരണം ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ ഏർപ്പെടുത്തേണ്ടതാണ്.

ഓൺലൈനായി സമർപ്പിച്ച എല്ലാവിവരങ്ങളുമുള്ള അപേക്ഷയുടെ ഡൗൺലോഡ് ചെയ്ത പ്രിന്റൗട്ടിൽ അപേക്ഷകൻ ഒപ്പ് രേഖപ്പെടുത്തി അച്ഛൻ/അമ്മ/കുടുംബത്തിലെ ഏതെങ്കിലും അംഗം മുഖേന നേരിട്ട് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് സമർപ്പിക്കുകയോ; അല്ലെങ്കിൽ, പ്രസ്തുത അപേക്ഷയുടെ പ്രിന്റൗട്ടിൽ അപേക്ഷകൻ ഒപ്പിട്ടതിനു ശേഷം സ്കാൻ ചെയ്ത് സ്വന്തം ഇ-മെയിൽ ഐഡിയിൽ നിന്ന് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് ഇ-മെയിൽ ചെയ്ത് നൽകുകയോ ചെയ്യുന്ന സാഹചര്യത്തിൽ അത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ പരിശോധിക്കേണ്ടതും ആവശ്യമെങ്കിൽ ഹിയറിംഗ് തീയതിയിലോ അതിനുശേഷമോ വീഡിയോകോളിലൂടെയോ മറ്റ് ഓൺലൈൻ മാർഗങ്ങളിലൂടെയോ അപേക്ഷകനെ ബന്ധപ്പെട്ട് അപേക്ഷകന്റെ നിജസ്ഥിതി ഉറപ്പാക്കി തുടർനടപടി സ്വീകരിക്കേണ്ടതാണ്. മേൽപ്രകാരമുള്ള അപേക്ഷകർക്ക് മാത്രമായി ഏർപ്പെടുത്തിയിട്ടുള്ള ഈ ക്രമീകരണത്തെക്കുറിച്ച് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ പട്ടികപുതുക്കുന്നതുമായി ബന്ധപ്പെട്ട് വിളിച്ച് ചേർക്കുന്ന സർവകക്ഷിയോഗത്തിൽ വിശദമാക്കേണ്ടതുമാണ്.

മേൽപ്പറഞ്ഞ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുമ്പോൾ അർഹരായവരെയാണ് വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ ഉറപ്പാക്കേണ്ടതാണ്.

Signed by
Prakash B S
Date: 17-07-2025 10:35:38

PRAKASH.B.S
SECRETARY

എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻമാർക്കും & ജില്ലാ കളക്ടർമാർക്കും

എല്ലാ വരണാധികാരികൾക്കും / ഉപവരണാധികാരികൾക്കും

എല്ലാ ജില്ലാ തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർമാർക്കും

പകർപ്പ് :-

എല്ലാ നോഡൽ ഓഫീസർമാർക്കും, സെക്ഷനുകൾക്കും

സ്റ്റാന്റിംഗ് കൗൺസിൽ

കമ്മീഷണറുടെ പി.എസ്

സെക്രട്ടറിയുടെ സി.എ

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

---

'ജനഹിതം', റ്റി.സി. 27/6(2), വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം 695033.
ഫോൺ :0471-2325048(അഡ്മിനിസ്ട്രേഷൻ ),0471-2337884(ഇലക്ഷൻ )
e-mail:cru.sec@kerala.gov.in,website:www.sec.kerala.gov.in